ദീപിക
28 November 2020

# മത്സ്യം ജീവനോടെ വാങ്ങാം



ലൈവ് ഫിഷ് കൗണ്ടറിൽനിന്നുള്ള ദൃശ്യം.

**കൊച്ചി:** നഗരനിവാസികൾക്കു ശുദ്ധമായ മീൻ കഴിക്കാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കൂടുകൃഷിയിൽ വിളവെടുത്ത ജീവനുള്ള കാളാഞ്ചി, കരിമീൻ, ചെമ്പല്ലി, തിലാപ്പിയ എന്നീ മത്സ്യങ്ങൾ ഇനി മുതൽ എല്ലാ പ്രവൃത്തിദിനങ്ങളിലും സിഎംഎഫ്ആർഐയിൽ സ്ഥിരമായി ഒരുക്കിയ 'ലൈവ് ഫിഷ് കൗണ്ടറിൽ' ലഭിക്കും. രാവിലെ 10 മുതൽ രാത്രി ഏഴു വരെയാണ് സമയം.

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇടനിലക്കാരുടെ സഹായമില്ലാതെതന്നെ ആവശ്യക്കാരിലേക്ക് മത്സ്യമെത്തിക്കാൻ ഇത് മത്സ്യകർഷകരെ സഹായിക്കും. കർഷകരിൽനിന്നു ശേഖരിച്ചു ശീതീകരിച്ച ചക്കപ്പഴം, പച്ചച്ചക്ക, ചക്കക്കുരു എന്നിവയും അരിഞ്ഞു പായ്ക്കറ്റിലാക്കിയ പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങളും ഇവിടെ ലഭ്യമാണ്.